## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 419** **10-02-2025 - ൽ മറുപടിയ്ക്ക്**

## പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നേരത്തെ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട് റെയിൽവേ മേൽപ്പാലം, കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികത്തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | **) പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്**<br><br>പുതുക്കാട് ആർ.ഒ.ബി ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുള്ളതും റെയിൽവേയുടെ ജനറൽ അറേജ്മെന്റ് ഡ്രോയിംഗിന് റെയിൽവേ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ആർ ബി ഡി സി കെ യാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി. 31.01.2025 ന് കൂടിയ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബി അംഗീകരിച്ച തുകയേക്കാൾ കൂടുതൽ ആണ്. ഭൂമി ഏറ്റെടുക്കലിന്റെ ചിലവും പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബി അംഗീകരിച്ച തുകയേക്കാൾ കൂടുതൽ ആയതിനാൽ കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തിക അനുമതി ആവശ്യമാണ്. പുതുക്കിയ സാമ്പത്തികാനുമതിക്കായി സമർപ്പിക്കേണ്ട രേഖകൾ ആർ.ബി.ഡി.സി.കെ തയ്യാറാക്കി കൊണ്ടിരിക്കുകയാനിന്നും ഇത് 10 ദിവസത്തിനുള്ളിൽ കിഫ്ബിയിൽ സമർപ്പിക്കുമെന്നും ആർ ബി ഡി സി കെ അറിയിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള പ്രൊപ്പോസൽ ആർ ബി ഡി സി കെ സമർപ്പിക്കുന്ന മുറക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.<br><br>**ii) കൊടകര വെള്ളികുളങ്ങര കോടാലി റോഡ്**<br><br>കൊടകര വെള്ളികുളങ്ങര കോടാലി റോഡ് പ്രവൃത്തിക്ക് 30-05-2018 ന 20.78 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 06-10-2023 തീയതിയിൽ 24.05 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. നിലവിൽ പുതുക്കിയ എസ്റ്റിമേറ്റുകളൊന്നും കെ ആർ എഫ് ബി സമർപ്പിച്ചിട്ടില്ല.<br><br>**iii) പുതുക്കാട് - മുപ്ലിയം കോടാലി റോഡ്**<br><br>പുതുക്കാട് മുപ്ലിയം കോടാലി റോഡിന് 15/02/2020 ൽ 59.20 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഉൾപ്പെടെ ഏകദേശം 76.48 കോടി രൂപയുടെ എസ്റ്റിമേറ്റ് സൂഷ്മപരിശോധനയ്ക്കുശേഷം സാങ്കേതികാനുമതി നൽകി പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ ആർ എഫ് ബി അറിയിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള പ്രൊപ്പോസൽ കെ ആർ എഫ് ബി സമർപ്പിക്കുന്ന മുറക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.<br><br>**iv) പള്ളിക്കുന്ന് ചിമ്മിനി ഡാം റോഡ്**<br><br>പള്ളിക്കുന്ന് ചിമ്മിനി ഡാം റോഡിനു 06/08/2020 ൽ 39.49 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റുകളൊന്നും കെ ആർ എഫ് ബി സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ